**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3269** **15-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം-തിരുമംഗലം ദേശീയപാത പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിൽ കൊല്ലം - തിരുമംഗലം ദേശീയപാതയിൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെയുള്ള മൂന്ന് കിലോമീറ്റർ ദേശീയപാത നാലുവരിയാക്കാനും മൂന്നാംകുറ്റി, കരിക്കോട് എന്നിവിടങ്ങളിലെ റെയിൽവെ ഓവർ ബ്രിഡ്ജുകൾ പുനർനിർമ്മിക്കാനും മുൻ സർക്കാർ കിഫ്ബി മുഖേന 447 കോടി രൂപ അനുവദിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ ; | (എ) | ദേശീയപാത 744 ൽ കൊല്ലം - തിരുമംഗലം ദേശീയപാതയിൽ ഗതാഗത കുരുക്കുള്ള കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാലുവരിപ്പാത ആക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | 2022-23 ബജറ്റിലുൾപ്പെടുത്തിയിട്ടുള്ള കൊല്ലം ചെങ്കോട്ട റോഡ് നാലുവരി പാത നിർമ്മാണത്തിന് 05.11.2022-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 01/08/2023 ന് പി.ഡബ്ല്യു.ഡി സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം നടത്തുകയും ടി യോഗത്തിൽ, വീതി കൂട്ടൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ സ്ട്രെച്ച് NHAI യുടെ പരിഗണനയിലിരിക്കുന്ന പ്രോജക്റ്റിൽ ഉൾപ്പെട്ട വരുന്നവ ആയതിനാൽ പദ്ധതി തൽക്കാലം നിർത്തിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ